"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെപോയ പട്ടികജാതി / പട്ടിക വർഗ്ഗ / മത്സ്യ തൊഴിലാളി വിഭാഗത്തിലുള്ള അർഹരായ ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്-കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മറ്റ് നടപടി ക്രമങ്ങൾ പാലിച്ച് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.2032/2020/LSGD തീയതി,തിരുവനന്തപുരം, 28/10/2020

പരാമർശം: 1. 22/10/2020- ലെ സ. ഉ. (ആർടി) നം 1992/2020/ തസ്വഭവ.

2. 28/10/2020-ലെ സ.ഉ.(സാധാ) നം2027/2020/തസ്വഭവ.

**ഉത്തരവ്**

പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം കോവിഡ് മഹമാരിയുടെ പശ്ചാത്തലത്തിൽ ഗ്രാമ സഭ കൂടുന്നത് രോഗ വ്യാപനത്തിന് സാധ്യതയുള്ളതിനാൽ മറ്റ് നടപടിക്രമങ്ങൾ പാലിച്ച് ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെപോയ പട്ടികജാതി / പട്ടിക വർഗ്ഗ / മത്സ്യ തൊഴിലാളി വിഭാഗത്തിലുള്ള അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനും ടി ഗുണഭോക്തൃ പട്ടിക ഏറ്റവും ആദ്യം ചേരുന്ന ഗ്രാമസഭ / വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതുമാണ് എന്ന നിബന്ധന പരാമർശം (1)-ൽ പ്രതിപാദിച്ചിരിയ്ക്കുന്ന ഗുണഭോക്താക്കൾക്കും ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ പ്രസ്തുത പരാമർശം (2)-ലെ സർക്കാർ ഉത്തരവിന്റെ സംഗ്രഹത്തിൽ വ്യക്തത വരുത്തണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

മേൽ സാഹചര്യത്തിൽ പരാമർശം (2)-ലെ സർക്കാർ ഉത്തരവിന്റെ സംഗ്രഹത്തിലെ ബന്ധപ്പെട്ട ഭാഗം "ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെപോയ പട്ടികജാതി / പട്ടിക വർഗ്ഗ / മത്സ്യ തൊഴിലാളി വിഭാഗത്തിലുള്ള അർഹരായ ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്-കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മറ്റ് നടപടി ക്രമങ്ങൾ പാലിച്ച് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു. " എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (2)-ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എസ്.എ), കേരളം, തിരുവനന്തപുരം.

ധനകാര്യവകുപ്പ്.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2020.10.28 17:34:47 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.